പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 216

# 2008-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

848/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 216

# 2008-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 9-ാം വകുപ്പിന്റെ ഭേദഗതി.—1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിന്റെ (1974-ലെ 18) 9-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(1) 40 ആറിൽ കൂടുതൽ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും തന്റെ കൈവശമുള്ള ഭൂമിക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ 40 ആറിൽ കൂടുതലായതിനോ അതിന്റെ ഭാഗത്തിനോ പ്രതിവർഷം ഓരോ ആറിനും ഇരുപത്തിയഞ്ചു പൈസ നിരക്കിൽ നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, അര ഹെക്ടറിൽ കൂടുതലും എന്നാൽ ഒരു ഹെക്ടറിൽ കുറയാതെ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും തന്റെ കൈവശമുള്ള ഭൂമിക്ക് പ്രതിവർഷം പത്തുരൂപാ നിരക്കിലും ഒരു ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ളവർ തന്റെ കൈവശമുള്ള ഭൂമിക്ക് ഒരു ഹെക്ടറിനോ അതിന്റെ ഭാഗത്തിനോ പ്രതിവർഷം പതിനഞ്ച് രൂപാ നിരക്കിലും നിധിയിലേക്ക് അംശദായം

നൽകണമെന്ന്, വ്യവസ്ഥ ചെയ്യുന്നു. രൂപയുടെ ഇപ്പോഴത്തെ മൂല്യം കണക്കാക്കുമ്പോൾ, മുപ്പത് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച നിരക്ക് വളരെ കുറവും; വിഭജനവും, തുണ്ടുതുണ്ടാക്കലുംമൂലം ഭൂവുടമകളുടെ അംശദായം അടയ്ക്കാൻ അർഹതയുള്ള ഭൂവുടമകളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തു. കൂടാതെ കർഷക തൊഴിലാളികൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങൾ പരിഗണിക്കുമ്പോൾ, പദ്ധതിയിലെ വ്യവസ്ഥകളനുസരിച്ചുള്ള വിവിധ ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനായി ഭൂവുടമകളുടെ അംശദായത്തിന്റെ നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിനാൽ നിധിയിലേക്ക് ഭൂവുടമകൾ നൽകേണ്ടതായ അംശദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥ ഉചിതമായി ഭേദഗതി ചെയ്യേണ്ടത് ആവശ്യമായി കാണുന്നു.

2. ഈ ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

## 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1974-ലെ 18)

** ** **

"9. നിധിയിലേക്കുള്ള അംശദായം.—(1) അര ഹെക്ടറിൽ കൂടുതലും എന്നാൽ ഒരു ഹെക്ടറിൽ കുറവും വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും തന്റെ കൈവശമുള്ള ഭൂമിക്ക് പ്രതിവർഷം പത്തു രൂപ നിരക്കിലും ഒരു ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ളവർ തന്റെ കൈവശമുള്ള ഭൂമിക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ഒരു ഹെക്ടറിനോ അതിന്റെ ഭാഗത്തിനോ പ്രതിവർഷം പതിനഞ്ചു രൂപ നിരക്കിലും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ കർഷകത്തൊഴിലാളിയും പ്രതിമാസം രണ്ടുരൂപ നിരക്കിൽ നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(3) ഇന്ത്യാ ഗവൺമെന്റോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനമോ നൽകുന്ന ഏതെങ്കിലും കടമോ ഗ്രാന്റോ മുൻകൂറോ നിധിയിലേക്ക് വരവു വയ്ക്കേണ്ടതാണ്.

ഏതെങ്കിലും അധികാരസ്ഥാനമോ സ്ഥാപനമോ നൽകിയ കടമോ ഗ്രാന്റോ മുൻകൂറോ അത് ഏത് ആവശ്യത്തിലേക്കാണോ നൽകപ്പെട്ടത് ആ ആവശ്യത്തിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടുള്ളതല്ല.".